ജനകീയാസൂത്രണത്തിൽ പഞ്ചായത്തുകൾക്ക് ശുദ്ധജല വിതരണ പദ്ധതികൾ അനുവദിക്കുന്നതിൽ എന്തെല്ലാം പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ജനകീയാസൂത്രണത്തിൽ പഞ്ചായത്തുകൾക്ക് ശുദ്ധജലവിതരണ പദ്ധതികൾ കൈമാറ്റം ചെയ്യുന്നതിന് 23.11.1998-ൽ ജി.ഒ. എം.എസ്. 125/98/ജല.വ. ആയി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

55 (451) പുത്തറയ്ക്കൽ ലിഫ്റ്റ് ഇറിഗേഷന്റെ പണി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന വകുപ്പ് ചേർപ്പ് നിയോജകമണ്ഡലത്തിൽ പത്തു വർഷത്തിലേറെയായി പണി തുടങ്ങിയ പുത്തറയ്ക്കൽ ലിഫ്റ്റ് ഇറിഗേഷന്റെ പണി പൂർത്തിയായോ; ഈ പദ്ധതി പ്രവർത്തനം തുടങ്ങുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പുത്തറയ്ക്കൽ ലിഫ്റ്റ് ഇറിഗേഷന്റെ നിർമ്മാണത്തിന് എത്ര സംഖ്യ ചെലവായി;

(സി) ഈ പദ്ധതികൊണ്ട് ഏതൊക്കെ പ്രദേശങ്ങളിൽ ജലസേചനം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുത്തറയ്ക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ സിവിൽ പണികൾ, മോട്ടോറും പമ്പും സ്ഥാപിക്കൽ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ സക്ഷൻ, ഡെലിവറി പൈപ്പുകളുടെ പണികൾ നടത്തുന്നതിന് 3.60 ലക്ഷം രൂപയ്ക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഈ പണികൾ പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) 18,34,414/- രൂപ ചെലവായി.

(സി) ഈ പദ്ധതികൊണ്ട് ചേർപ്പ് നിയോജകമണ്ഡലത്തിലെ 6,8,9 എന്നീ വാർഡുകളിലെ 500-ൽപരം ഏക്കർ ഭൂമി ജലസേചനം നടത്താൻ കഴിയുന്നതാണ്.

56 (452) മൈനർ ഇറിഗേഷൻ വകുപ്പിന്റെ പുതിയ പദ്ധതികൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാഫ് അപ്രൈസൽ റിപ്പോർട്ട് പ്രകാരം ചെലവാക്കേണ്ടിയിരുന്ന തുക (കോടി രൂപ)	9.3114	2.2268	1.7002	0.8848	0.8018

അനുബന്ധം XI

നക്ഷത്രചിഹ്നമിടാത്ത 54 (450)-ാം നമ്പർ ചോദ്യം കാണുക

1. ഒരു പഞ്ചായത്തിനുള്ളിൽ വരുന്ന ചെറിയ പദ്ധതികളാണ് പഞ്ചായത്തിന് കൈമാറുന്നത്.

2. ഈ പദ്ധതികളുടെ പ്രവർത്തനവും അറ്റകുറ്റപണികൾ, സംരക്ഷണം, ഗുണനിലവാര വിപുലീകരണം, പുനരുദ്ധാരണം എന്നിവ പൂർണ്ണമായും പഞ്ചായത്തിന്റെ ഉത്തരവാദിത്വമായതിനാൽ ആ വകയിൽ വരുന്ന ചെലവുകൾ പഞ്ചായത്തുതന്നെ വഹിക്കേണ്ടതാണ്.

3. പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടുന്ന സാങ്കേതിക ഉപദേശങ്ങൾ പഞ്ചായത്തുകൾ ആവശ്യപ്പെടുന്നതനുസരിച്ച് കേരള വാട്ടർ അതോറിറ്റി നൽകുന്നതാണ്. പദ്ധതിയിൽ വലിയ മാറ്റങ്ങളോ വിപുലീകരണമോ ആവശ്യമായി വന്നാൽ പഞ്ചായത്തുകൾക്കുവേണ്ടി ഡെപ്പോസിറ്റ് വർക്ക് ആയി ചെയ്തുകൊടുക്കുന്നതാണ്.

4. കൈമാറുന്ന പദ്ധതികളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ പഞ്ചായത്തുകൾക്ക് കൈമാറുന്നതാണ്. ഒരു സ്കീമിന് ഒരു ഓപ്പറേറ്റർ എന്ന നിലയിൽ ജീവനക്കാരുടെ സമ്മതപത്രം വാങ്ങിയതിനുശേഷമേ മാറ്റുകയുള്ളൂ.

5. കേരള വാട്ടർ അതോറിട്ടിക്ക് ആവശ്യമുള്ള ജീവനക്കാരെ കൈമാറാൻ പറ്റാത്ത സാഹചര്യത്തിൽ പഞ്ചായത്തുകൾക്ക് സ്വന്തമായി സാങ്കേതികവിദഗ്ധരെ നിയമാനുസൃതമായി നിയമിക്കാവുന്നതാണ്.

6. കൈമാറുന്ന ശുദ്ധജലവിതരണ പദ്ധതികളുടെ അവകാശം പഞ്ചായത്തുകളിൽ നിക്ഷിപ്തമായതിനാൽ സ്ട്രീറ്റ് ടാപ്പുകളിലെ ജലം ഉപയോഗിക്കുന്നവരിൽനിന്നും കരം ഈടാക്കാൻ പഞ്ചായത്തുകൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

7. പഞ്ചായത്തുകൾക്ക് കൈമാറേണ്ട സ്കീമുകളുടെ മൂല്യ നിർണയം കേരള വാട്ടർ അതോറിറ്റി നടത്തേണ്ടതാണ് (പഞ്ചായത്തുകളിൽനിന്നും പിരിഞ്ഞുകിട്ടേണ്ടുന്ന കുടിശ്ശിക വെള്ളക്കരവും, വീടുകളിൽ നിന്നുള്ള വെള്ളക്കരവും ഉൾപ്പെടെ കൈമാറുന്ന തീയതി വരെ) മൂല്യ നിർണയം നടത്തുന്ന മൊത്തം തുകയിൽനിന്നും കേരള വാട്ടർ അതോറിറ്റി സർക്കാരിനു നൽകേണ്ടുന്ന കുടിശ്ശികയിൽ വകയിരുത്തേണ്ടതാണ്.

8. വൈദ്യുതി കണക്ഷൻ ഉണ്ടെങ്കിൽ അത് പിൻഗാമി എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേക്ക് മാറ്റേണ്ടതാണ്.

9. പരീക്ഷണാടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ 65 പദ്ധതികൾ കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്.

10. പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള സമ്മതപത്രം അതാതു പഞ്ചായത്തുകളിൽനിന്നും കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർ ശേഖരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly